# ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം

മതിലകം ആഫീസ് ,ഫോർട്ട്, തിരുവനന്തപുരം 695 023.

29.12.2023

No: A2/2023/SPST/4298

## സർക്കുലർ

വിഷയം: ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം - ഭരണകാര്യം - ശ്രീ. ബബിലു ശങ്കർ - സീനിയർ ക്ലർക്ക്- ഓഫീസിൽ അനാവശ്യമായി പ്രവേശിക്കുന്നതും- മററ് ഔദ്യോഗിക കൃത്യങ്ങളിൽ അനധികൃതമായി ഇടപെടുന്നത് തടഞ്ഞ്- ഉത്തരവാകുന്നു.

സൂചന: 25.11.2023 ലെ ക്ഷേത്രഭരണ സമിതി യോഗത്തിലെ No:VIII(2) തീരുമാനം

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലെ ഒരു സീനിയർ ക്ലാർക്ക് മാത്രമായ ശ്രീ.ബബിലു ശങ്കർ 16.04.2023 തീയതി മുതൽ ജോലിക്ക് ഹാജരാകുന്നില്ല. ഇപ്രകാരം അനധികൃതമായി ജോലിക്ക് ഹാജരാകാത്തത് സംബന്ധിച്ചും കൂടാതെ, മററ് വീഴ്ച്ചകൾക്കും ടിയാനെതിരെ അച്ചടക്ക നടപടികൾ എടുത്ത് വരുന്നതുമാകുന്നു.

ഈ സാഹചര്യത്തിൽ ശ്രീ.ബബിലു ശങ്കർ ഓഫീസ് പ്രവർത്തന സമയത്തും, അല്ലാതെയും, ഓഫീസിനുള്ളിൽ പ്രവേശിക്കുകയും ആയത് ഓഫീസിലെ മററ് ജീവനക്കാരുടെ ജോലിക്ക് തടസ്സം സൃഷ്ടിക്കുന്നതുമാകുന്നു. കൂടാതെ, ക്ഷേത്രത്തിൽ പല പ്രമുഖ വ്യക്തികൾ ദർശനത്തിനായി എത്തുമ്പോൾ അവരെ അനുഗമിക്കുന്നതായും കാണുന്നു.

മേൽ സാഹചര്യത്തിൽ സൂചനയിലെ ഭരണസമിതിയുടെ തീരുമാന പ്രകാരം എല്ലാ സ്റ്റാഫ് അംഗങ്ങളും മേൽ വിവരിച്ച പ്രകാരമുള്ള ജീവനക്കാരെ യാതൊരു കാരണവശാലും സ്വീകരിക്കുകയോ/സൽക്കരിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല. എന്നും തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ പ്രസ്തുത തീരുമാനം ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും എന്നും അറിയിക്കുന്നു.

അനധികൃതമായി ജോലിക്ക് ഹാജരാകാത്തതും മററും സംബന്ധിച്ച് വിവിധ അച്ചടക്ക നടപടികൾ നേരിടുന്ന ഒരു സീനിയർ ക്ലാർക്ക് മാത്രമായ ശ്രീ.ബബിലു ശങ്കർ ക്ഷേത്രം സന്ദർശിക്കുന്ന പ്രമുഖ/വിശിഷ്ട വ്യക്തികൾക്കൊപ്പം പോകാനോ മററ് ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനോ ടിയാളെ ക്ഷേത്രം അധികാരപ്പെടുത്തിയിട്ടില്ല. അപ്രകാരം എന്തെങ്കിലും ക്രമീകരണങ്ങൾ പ്രസ്തുത ജീവനക്കാരൻ മുഖേന നടത്തുന്നുവെങ്കിൽ ആയത് അപ്രകാരം ഏർപ്പെടുത്തുന്ന വ്യക്തിയുടെ ഉത്തരവാദിത്വത്തിൽ മാത്രമായിരിക്കും എന്നും അപ്രകാരമുള്ള നടപടികൾക്ക് ക്ഷേത്രം യാതൊരുവിധത്തിലും ഉത്തരവാദി ആയിരിക്കുകയില്ലായെന്നും ഇതിനാൽ അറിയിക്കുന്നു.

എക്സിക്യൂട്ടീവ് ഓഫീസർ

**പകർപ്പ്:** എ.ഒ, എഫ്.എ.ഒ, മാനേജർ, ശ്രീകാര്യക്കാർ, അസി: അക്കൗണ്ട്സ് ഓഫീസർ, ആഡിററ് സെക്ഷൻ, അസി: ശ്രീകാര്യക്കാർ, മുതൽപിടി, ഗാർഡ് കമാന്റർ, കൗണ്ടർ ഇൻചാർജ്, ക്ലോക്ക് റൂം ഇൻചാർജ്, പാത്രം തേഷ് ഹെഡ്, പാഞ്ചജന്യം ഇൻചാർജ്, ഗോശാല/ ആന പരിപാലന സൂപ്പർവൈസർ, പുറംതളി വിചാരിപ്പ്, അന്നദാനം, എല്ലാ ക്ലർക്കുമാർക്കും, നാലു നടകളിലെ നോട്ടീസ് ബോർഡ്, സി 3 ക്ലർക്ക് (അപ്‌ലോഡ് ടെമ്പിൾ വെബ്സൈററ്),സ്റ്റോക്ക് ഫയൽ.